തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# പൊതുസഭ

## ഇരുപത്തിയാറാമത് യോഗതീരുമാനങ്ങൾ

**2022 മാർച്ച് 31 വ്യാഴാഴ്ച, ഉച്ചക്ക് 2.30 ന്**

**(നേരിട്ടും ഗൂഗിൾമീറ്റ് വഴിയും)**

**അക്ഷരം കാമ്പസ്, തിരൂർ**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ കുറുക്കോളി മൊയ്തീൻ (എം.എൽ.എ.)
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ഡോ. ടി.കെ. നാരായണൻ - വൈസ് ചാൻസലർ, കേരള കലാമണ്ഡലം
5. ശ്രീ മുരളി ചീരോത്ത്, ചെയർമാൻ, ലളിതകലാ അക്കാദമി
6. ഡോ. പി.എസ്. ശ്രീകല, ഡയറക്ടർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
7. ശ്രീ മുരുകൻ കാട്ടാക്കട, ഡയറക്ടർ, മലയാളം മിഷൻ
8. ശ്രീ ടി.ആർ. സദാശിവൻ നായർ, ഡയറക്ടർ, വാസ്തുവിദ്യാ ഗുരുകുലം
9. ശ്രീ കലാമണ്ഡലം പ്രഭാകരൻ - ചെയർമാൻ, ആർട്സ് ഫാക്കൽറ്റി ഉപദേശകസമിതി
10. ഡോ. കെ.കെ.എൻ. കുറുപ്പ് - ചെയർമാൻ, പൈതൃകപഠന ഫാക്കൽറ്റി ഉപദേശകസമിതി
11. ഡോ. ടി. ബി. വേണുഗോപാലപണിക്കർ - ഡീൻ, മലയാളഭാഷാപഠന ഫാക്കൽറ്റി
12. കലാമണ്ഡലം ഹൈമവതി - ഡീൻ, കലാ ഫാക്കൽറ്റി
13. ഡോ. ലിസ്സി മാത്യു (വൈസ് ചെയർമാൻ, ഗവേഷണസഭ)
14. ഡോ. സി. രാജേന്ദ്രൻ (വൈസ് ചെയർമാൻ, ഗവേഷണസഭ)
15. ഡോ. ചാക്കപ്പൻ സി.ഡി (വൈസ് ചെയർമാൻ, ഗവേഷണസഭ)

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

### തീരുമാനങ്ങൾ

ഇനം നമ്പർ: **2022.01**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്.**

തീരുമാനം: റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു.

ഇനം നമ്പർ: **2022.02**

വിഷയം: **പൊതുസഭയുടെ ഇരുപത്തിയഞ്ചാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: ഇരുപത്തിയഞ്ചാമത് യോഗത്തിന്റെ മിനിറ്റ്സ് വായിച്ചു സ്ഥിരീകരിച്ചു.

* ഇനം നമ്പർ: **2022.03**

വിഷയം: **2022-23 സാമ്പത്തികവർഷത്തെ ബജറ്റ് അംഗീകരിക്കൽ**

പൊതുസഭയിൽ വൈസ് ചാൻസലർ അവതരിപ്പിച്ച 2022-2023 ലെ ബജറ്റ് നിർദ്ദേശങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് അംഗങ്ങൾ പ്രകടിപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ:

**ശ്രീ കുറുക്കോളി മൊയ്തീൻ എം.എൽ.എ.**

സർവകലാശാലക്ക് ബസ് അനുവദിക്കുന്നതിനായി നടപടികൾ ഉടനടി സ്വീകരിക്കുമെന്നും സർവകലാശാല ആവശ്യപ്പെട്ട വനിതാ ഹോസ്റ്റൽ നിർമിക്കുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുമെന്നും അദ്ദേഹം സഭയെ അറിയിച്ചു.

**ശ്രീ ഫെറോൾഡ് സേവ്യർ**

എം.എൽ.എ.യുടെ വാഗ്ദാനങ്ങൾ സ്വാഗതം ചെയ്തു. സർവകലാശാലയുടെ തനത്ഫണ്ട് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

**ഡോ. സി. രാജേന്ദ്രൻ**

വിദേശീയർ ഉൾപ്പെടെ മലയാളം പഠിക്കാൻ വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഗവേഷണം ഉൾപ്പെടെ ഹ്രസ്വകാല ദീർഘകാല കോഴ്സുകൾ തുടങ്ങുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. അതോടൊപ്പം, വിമാനത്താവളത്തിലും മറ്റും എത്തുന്ന വിദേശികൾക്ക് പെട്ടെന്ന് മലയാളം പഠിച്ചെടുക്കാനുതകുന്ന കോഴ്സുകൾ ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്. പുസ്തകശാലകളിൽ ഇപ്പോൾ ലഭ്യമല്ലാത്ത വൈജ്ഞാനിക ഗ്രന്ഥങ്ങൾ കണ്ടെത്തി അവ പ്രസിദ്ധീകരിക്കുകയും ഓക്സ്ഫോർഡ് / കേംബ്രിഡ്ജ് മാതൃകയിൽ അവയുടെ വിൽപ്പന വഴി വിഭവ സമാഹരണം കണ്ടെത്തുകയും ചെയ്യണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിദേശഭാഷകളിൽ നിന്നു മലയാളത്തിലേക്കും മലയാളത്തിൽ നിന്നു വിദേശഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിനുള്ള നോഡൽ ഏജൻസിയായി മലയാളസർവകലാശാല പ്രവർത്തിക്കേണ്ടതാണ്.

ആഗോളവത്കരണത്തിന്റെ ഇക്കാലത്ത് വിവിധ ഭാഷകളിലുള്ള രേഖകളുടെ വിവർത്തനം, കൺസൽട്ടൻസി സേവനം എന്നിവ സർവകലാശാലയിൽ ആരംഭിച്ച് ജനങ്ങളിലേക്ക് എത്തിക്കാൻ സർവകലാശാല ശ്രദ്ധിക്കണമെന്നും ഡോ. സി. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചു.

ഇപ്പോൾ സർവകലാശാലയിൽ ലഭ്യമായ വിഭവങ്ങൾ വെച്ചുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യാവുന്നതാണെന്നും സർവകലാശാലയുടെ ബാലാരിഷ്ടതകൾ മാറ്റുന്നതിനായി 'നാക്' അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ അതീവപ്രാധാന്യത്തോടെ നടപ്പിൽ വരുത്തേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

**ഡോ. കെ.കെ.എൻ. കുറുപ്പ്**

വിദൂരകേന്ദ്രങ്ങളിൽ ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിന് ടാസ്ക്ഫോഴ്സ് കമ്മിറ്റികൾക്ക് രൂപം നൽകുന്നത് ഉചിതമാണെന്ന് ഡോ. കെ.കെ.എൻ.

കുറുപ്പ് പറഞ്ഞു. തർജ്ജമ ചെയ്യേണ്ട പുസ്തകങ്ങൾ ഏതെന്ന് കണ്ടെത്തി, അവ പ്രാഗൽഭ്യമുള്ളവരെ ഏൽപിച്ചു പ്രവൃത്തികൾ നടപ്പിലാക്കണം.

പുതുതായി വരുന്ന കൃതികളുടെ ലിസ്റ്റ് തയ്യാറാക്കി പകർപ്പവകാശം വാങ്ങി തർജ്ജമ ചെയ്യാൻ വേണ്ട നടപടികളാണ് ഏറ്റെടുക്കേണ്ടതെന്നും ഓരോ പദ്ധതിക്കും ആവശ്യമായ ടാസ്ക്ഫോഴ്സ് കമ്മിറ്റിയും എഡിറ്റോറിയൽ കമ്മിറ്റിയും രൂപീകരിക്കേണ്ടതുണ്ടെന്നും പ്രസിദ്ധീകരണവിഭാഗം ഉപദേശകസമിതി പുനഃസംഘടിപ്പിക്കേണ്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സർവകലാശാലയിലെ മുഴുവൻ കുട്ടികളിൽ നിന്നും വില ഈടാക്കി അദ്ധ്യാത്മരാമായണം ഒരു സുവനീർ പോലെ അവർക്ക് വീട്ടിലേക്ക് കൊണ്ടുപോകുന്നതിനുള്ള അവസരം ഒരുക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

**ഡോ. ടി. ബി. വേണുഗോപാലപണിക്കർ**

ആദിവാസികൾക്കുവേണ്ടി സർവകലാശാലക്ക് എന്തുചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കണം. പുതുമലയാളം, നമ്മുടെ മലയാളം എന്നിവ ആദിവാസികൾക്ക് എത്രത്തോളം ഭാരമായി വരാറുണ്ടെന്നത് ആലോചിക്കേണ്ടതാണ്. അവരുടെ ഭാഷയുടെ സ്വഭാവം മലയാളത്തോട് എത്രത്തോളം ചേർന്നുനിൽക്കുന്നു, എത്രത്തോളം കന്നടയോട് ചേർന്ന് നിൽക്കുന്നു എന്ന രീതിയിലുള്ള ഒരു താരതമ്യപഠനം സർവകലാശാല നടത്തണം.

ഇന്ന് ഉപയോഗിച്ചുവരുന്ന മലയാളഭാഷ മനസ്സിലാകാത്തതു മൂലം ആദിവാസി കുട്ടികൾ കൊഴിഞ്ഞുപോകുന്നുണ്ടോയെന്ന് മനസ്സിലാക്കി അത് പരിഹരിക്കപ്പെടണമെന്നും ആദിവാസിമേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി സഹകരിച്ച് ഉത്തരവാദിത്വത്തോടെ ആദിവാസി ഭാഷയുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ നീക്കാൻ സാധിക്കണമെന്നും ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ അഭിപ്രായപ്പെട്ടു.

**ഡോ. ലിസ്സി മാത്യു**

നിലവിൽ കോപ്പികൾ ലഭ്യമല്ലാത്ത പുസ്തകങ്ങളുടെ ഡിജിറ്റൽ പതിപ്പ്, ഓൺലൈനായി വായിക്കുവാൻ കഴിയുന്ന രീതിയിൽ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണെന്ന് ഡോ. ലിസ്സി മാത്യു അഭിപ്രായപ്പെട്ടു.

ഭാഷയുടെ ഗതി മാറിക്കൊണ്ടിരിക്കുകയാണ്. തർജ്ജമയിലൂടെ ഭാഷയുടെ പ്രയോഗത്തിൽ മാറ്റം വരുന്നതായി മനസ്സിലാക്കാനാകുമെന്ന് പറഞ്ഞു.

**ശ്രീ മുരളി ചീരോത്ത്**

ദൃശ്യകലയുമായി ബന്ധപ്പെടുത്തി എങ്ങിനെ രസകരമായി കുട്ടികളെ ഭാഷ പഠിപ്പിക്കാനുതകുന്ന വിധം സിലബസ് തയ്യാറാക്കാൻ സാധിക്കുമെന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതു ഉചിതമാകുമെന്നും ലളിതകലാ അക്കാദമിക്ക് ഇക്കാര്യത്തിൽ താൽപര്യമുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ആർട്ട് ഇന്റഗ്രേറ്റഡ് ലേണിങ് കോഗ്നിറ്റീവ് ലഭ്യമാക്കുന്നതിന് ഭാഷാസംബന്ധിയായ ലേണിങ് ടൂൾക്കിറ്റ് തയ്യാറാക്കുന്നത് നന്നാകുമെന്നും അറിയിച്ചു.

**കലാമണ്ഡലം ഹൈമവതി**

കലകൾ പഠിപ്പിക്കുന്നതിനായി ഡിപ്ലോമ കോഴ്സുകൾ തുടങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടു.

**ടി.കെ. സദാശിവൻ നായർ**

മലയാളസർവകലാശാലയുടെ സഹകരണത്തോടെ വാസ്തുവിദ്യാഗുരുകുലവുമായി ബന്ധപ്പെട്ട് സംസ്കൃതത്തിലുള്ള ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

മലയാളഭാഷയുടെ ഭംഗി നിലനിർത്തിക്കൊണ്ട് നല്ല കൈയ്യക്ഷരത്തോടുകൂടി എഴുതുവാൻ പുതുതലമുറയിൽപ്പെട്ട കുട്ടികൾക്ക് മലയാളം 'കാലിഗ്രാഫി' പറഞ്ഞുകൊടുക്കുവാനും അതിൽ പരിശീലനം കൊടുക്കുവാനും ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി സർവകലാശാലയുമായി സഹകരിക്കുവാൻ വാസ്തുവിദ്യാഗുരുകുലം തയ്യാറാണെന്നും അദ്ദേഹം അറിയിച്ചു.

**ഡോ. ടി.കെ. നാരായണൻ**

മലയാളം പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് വേണ്ട ഒരു പുതിയ കരിക്കുലം സർവകലാശാല തയ്യാറാക്കണം. സർവശിക്ഷാഅഭിയാനുമായി കൈകോർത്ത് സംയുക്തസംരംഭം ആരംഭിക്കാവുന്നതാണ്. സംസ്കാരവും പൈതൃകവും മനസ്സിലാക്കുന്നതിന് ആവശ്യമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

**ശ്രീ മുരുകൻ കാട്ടാക്കട**

മലയാളത്തിലെ പ്രവാസി എഴുത്തുകാരുടെ സൃഷ്ടികൾ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നതിനും മലയാളഭാഷയിലുള്ള പുസ്തകങ്ങൾ മറ്റ് ഭാഷകളിലേക്കു മൊഴിമാറ്റി പ്രസിദ്ധീകരിക്കുന്നതിനും മലയാളം മിഷനുമായി ചേർന്ന് സംയുക്തസംരംഭം ആരംഭിക്കുന്നതിനെക്കുറിച്ച് സർവകലാശാല ആലോചിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

**കലാമണ്ഡലം പ്രഭാകരൻ**

കേരളത്തിലെ തനത് കലകൾ പഠിപ്പിക്കുന്ന സ്ഥാപനമായ കലാമണ്ഡലവും മലയാളസർവകലാശാലയും ചേർന്ന് ഏതെങ്കിലും കലാരൂപം പഠിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കാവുന്നതാണ്. കലാമണ്ഡലത്തിൽ നിന്നും വിസിറ്റിങ് പ്രൊഫസർമാർ ആഴ്ചയിലൊരിക്കെങ്കിലും വന്ന് കേരളത്തിലെ കലകൾ പഠിപ്പിക്കുന്നതിനുള്ള സൗകര്യം മലയാളസർവകലാശാലയിൽ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

**ഡോ. പി.എസ്. ശ്രീകല**

ഭാഷാശാസ്ത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാവിപ്രവർത്തനങ്ങളിൽ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാവണമെന്ന് ടീച്ചർ അഭ്യർത്ഥിച്ചു.

തീരുമാനം: **ബജറ്റ് ചർച്ചക്കൊടുവിൽ 19024.98 ലക്ഷം രൂപ വരവും 18490.24 ലക്ഷം രൂപ ചെലവും പ്രതീക്ഷിക്കുന്ന 2022-2023 ലെ മിച്ച ബജറ്റ് പൊതുസഭ അംഗീകരിച്ചു.**

(നം. 142/2022/ധനകാര്യം - ഫിനാൻസ്വിഭാഗം)

* ഇനം നമ്പർ: **2022.04**

വിഷയം: **2021–22 സാമ്പത്തികവർഷത്തെ ഡിസംബർ 31 വരെയുള്ള വാർഷിക കണക്കുകളും ധനകാര്യപത്രികയും അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2021–22 സാമ്പത്തികവർഷത്തെ ഏപ്രിൽ 1 മുതൽ ഡിസംബർ 31 വരെയുള്ള വാർഷിക കണക്കുകൾ യോഗം അംഗീകരിച്ചു.

(നം. 1940/2019/ഫിൻ - ഫിനാൻസ്‌വിഭാഗം)

* ഇനം നമ്പർ: **2022.05**

വിഷയം: **2021–22 സാമ്പത്തിക വർഷത്തെ പദ്ധതിയിനത്തിലും പദ്ധതിയേതര ഇനത്തിലും പുനഃക്രമീകരണം വഴി പുതുക്കിയ ബജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: 2021–22 വർഷത്തെ ബജറ്റ് ശീർഷകം '2022-03-102-72-36 ശമ്പളേതര' ഇനമായി വകയിരുത്തിയിരുന്ന 517.65 ലക്ഷം രൂപയിൽനിന്നും 345 ലക്ഷം രൂപ '2202-03-102-72-31' എന്ന ശമ്പളം ശീർഷകത്തിലേക്ക് സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി.) നമ്പർ 6514/2021/ഫിൻ, തീയതി 05.10.2021 പ്രകാരം ധനപുനഃക്രമീകരണം വഴി വകമാറ്റിയ സർക്കാർ നടപടി യോഗം സാധൂകരിച്ചു.

(നം. 1306/2020/ഫിൻ - ഫിനാൻസ്‌വിഭാഗം)

* ഇനം നമ്പർ: **2022.06**

വിഷയം: **2020–21 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കൽ**

തീരുമാനം: 2020–21 ലെ വാർഷിക റിപ്പോർട്ട് യോഗം അംഗീകരിച്ചു.

(പ്രസിദ്ധീകരണവിഭാഗം - 191/2019/പ്രസിദ്ധീകരണം)

ഇനം നമ്പർ: **2022.07**

വിഷയം: **2021–22 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കൽ**

തീരുമാനം: 2021–22 ലെ വാർഷിക റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു.

(പ്രസിദ്ധീകരണവിഭാഗം - 191/2019/പ്രസിദ്ധീകരണം)

* ഇനം നമ്പർ: **2022.08**

വിഷയം: **മലയാളസർവകലാശാലയിൽ നിലവിലുള്ള ഗവേഷണചട്ടത്തിൽ (2019) കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി അക്കാദമിക് കൗൺസിലിന്റെ തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ചട്ടങ്ങൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.**

തീരുമാനം: കാര്യപരിപാടിയിലെ ഈ ഇനം അടുത്ത യോഗത്തിലേക്ക് മാറ്റിയതായി വൈസ് ചാൻസലർ അറിയിച്ചു.

(2837/എ4/2019/അക്കാദമികം - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.09**

വിഷയം: **എം.എ. സംസ്കാരപൈതൃകപഠന പ്രോഗ്രാം പൂർത്തീകരിച്ച് തുല്യതാപരീക്ഷ എഴുതി വിജയികളായ വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സംസ്കാരപൈതൃകപഠന സ്കൂളിൽ നിന്നും 2019-21 അധ്യയനവർഷം വരെ എം.എ. പ്രോഗ്രാമിൽ പഠനം പൂർത്തീകരിച്ച് ബിരുദാനന്തരബിരുദമെടുത്ത വിദ്യാർത്ഥികളിൽ 24 പേർ എം.എ. മലയാളം സംസ്കാരപൈതൃകത്തിലും 8 പേർ ചരിത്രപഠന പ്രോഗ്രാമിലും തുല്യതാപരീക്ഷ എഴുതി വിജയിച്ചു. പ്രസ്തുത വിദ്യാർത്ഥികൾക്ക് എം.എ. സംസ്കാരപൈതൃകപഠനത്തിൽ മുമ്പ് വിതരണം ചെയ്തിട്ടുള്ള ബിരുദസർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങി ബന്ധപ്പെട്ട ഫാക്കൽറ്റിക്കു കീഴിൽ 24 പേർക്ക് എം.എ. മലയാളം (സംസ്കാരപൈതൃകം), 8 പേർക്ക് എം.എ. ചരിത്രപഠനം എന്നീ പ്രോഗ്രാമുകളോട് തുല്യത നൽകി പുതിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണമെന്ന അക്കാദമിക് കൗൺസിലിന്റേയും നിർവാഹകസമിതിയുടേയും നിർദ്ദേശങ്ങൾ അംഗീകരിച്ച് മേൽപറഞ്ഞിട്ടുള്ള വിദ്യാർത്ഥികൾക്ക് പുതിയ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ സഭ തീരുമാനിച്ചു. പ്രസ്തുത വിദ്യാർത്ഥികൾക്ക് സർവകലാശാല വിതരണം ചെയ്തിട്ടുള്ള ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റുകളുടെഅസ്സൽ തിരികെ വാങ്ങി റദ്ദു ചെയ്യേണ്ടതുമാണ്.

(നമ്പർ: 3236/2020/പ.വി. - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2022.10**

വിഷയം: **എം.എ. വികസനപഠനം പ്രോഗ്രാം പൂർത്തീകരിച്ച് തുല്യതാപരീക്ഷ എഴുതി വിജയികളായ വിദ്യാർത്ഥികൾക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: 2019-2021 ബാച്ചിൽ എം.എ. തദ്ദേശവികസനപഠനത്തിൽ ബിരുദമെടുത്ത വിദ്യാർത്ഥികളിൽ തുല്യതാപരീക്ഷ എഴുതി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് എം.എ. വികസനപഠനം (തദ്ദേശവികസനം) പ്രോഗ്രാമിൽ തുല്യത സർട്ടിഫിക്കറ്റ് നൽകണമെന്ന അക്കാദമിക് കൗൺസിലിന്റെയും നിർവാഹകസമിതിയുടെയും നിർദ്ദേശങ്ങൾ അംഗീകരിച്ച്, തുല്യതാപരീക്ഷ എഴുതി വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദാനന്തരബിരുദ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അവ തിരികെ വാങ്ങി റദ്ദാക്കിയ ശേഷം പകരം വികസനപഠനം (തദ്ദേശവികസനം) പ്രോഗ്രാമിന്റെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാൻ തീരുമാനിച്ചു.

(നമ്പർ: 2346/എ2/2018/അഡ്മിൻ - ഭരണവിഭാഗം)

✻ ഇനം നമ്പർ: **2022.11**

വിഷയം: **07.03.2022 ന് ചേർന്ന പണ്ഡിതസഭയുടെ ഇരുപത്തിയഞ്ചാമത് യോഗതീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: പണ്ഡിതസഭയുടെ ഇരുപത്തിയഞ്ചാമത് യോഗതീരുമാനങ്ങൾ അംഗീകരിച്ചു.

(നം. 597/2018/വി.സി - വി.സി. കാര്യാലയം)

✻ ഇനം നമ്പർ: **2022.12**

വിഷയം: **പരിസ്ഥിതിപഠന ഫാക്കൽറ്റി രൂപീകരണം സംബന്ധിച്ച്.**

തീരുമാനം: പരിസ്ഥിതിപഠന ഫാക്കൽറ്റി രൂപീകരിക്കാനുള്ള അക്കാദമിക് കൗൺസിലിന്റെയും നിർവാഹകസമിതിയുടെയും നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(2081/എ1/2021/അഡ്മിൻ.(1) - ഭരണവിഭാഗം)

✻ ഇനം നമ്പർ: **2022.13**

വിഷയം: **ചരിത്രപഠനസ്കൂൾ സാമൂഹ്യശാസ്ത്ര ഫാക്കൽറ്റിക്ക് കീഴിലാക്കിക്കൊണ്ട് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തുന്നതും, ചരിത്രപഠനസ്കൂളിന്റെ ഇംഗ്ലീഷ് വിവർത്തനം School of History എന്നതിനു പകരം School of Historical Studies എന്നാക്കി മാറ്റുന്നതും - സംബന്ധിച്ച്.**

തീരുമാനം: ഇക്കാര്യം 2022.11 -ാമത് ഇനമായി യോഗം അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഇനം അജണ്ടയിൽ നിന്ന് നീക്കം ചെയ്തതായി അദ്ധ്യക്ഷൻ അറിയിച്ചു.

(നം. 2081/എ1/2021/അഡ്മിൻ.(2) - ഭരണവിഭാഗം)

✻ ഇനം നമ്പർ: **2022.14**

വിഷയം: **തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ പൊതുസഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: സഭയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ പൊതുസഭ അംഗീകരിച്ചു.

(നം. 2832/2019/ഫിൻ - ഫിനാൻസ്വിഭാഗം)

യോഗം വൈകുന്നേരം 4.15 ന് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്